"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പത്തനംതിട്ട ജില്ല - 2021 ഒക്ടോബർ മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്

**സ.ഉ.(സാധാ) നം.1362/2026/RD തീയതി,തിരുവനന്തപുരം, 21-07-2026**

---

പരാമർശം:-

1. സ.ഉ (സാധാ).നം.5/2021/ഡിഎംഡി തീയതി, 29/10/2021.
2. പത്തനംതിട്ട ജില്ലാ കളക്ടറുടെ 07/11/2025 - ലെ DC/PTA/589/2021/DM നമ്പർ നടപടിക്രമം.
3. പത്തനംതിട്ട ജില്ലാ കളക്ടറുടെ 13/01/2026-ലെ DC/PTA/589/2021/DM നമ്പർ കത്തും ഉള്ളടക്കവും.

**ഉത്തരവ്**

പ്രകൃതിക്ഷോഭത്തിൽ വീടുകൾക്ക് നാശനഷ്ടം നേരിട്ടവർക്കും ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്കും ദുരന്തബാധിതർക്കും ധനസഹായം അനുവദിക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പത്തനംതിട്ട ജില്ലയിൽ 2021 ഒക്ടോബർ മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 2 ദുരന്തബാധിതർക്ക് (Ramiya. R & Seenath Beevi) ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (2) നടപടിക്രമം പ്രകാരമുള്ള ആകെ CMDRF വിഹിതമായ 82,300/-രൂപ (എൺപത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ പേരിൽ പത്തനംതിട്ട സബ് ട്രഷറിയിലുള്ള 799011400005303 നമ്പർ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം

ശിപാർശ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ പത്തനംതിട്ട ജില്ലയിൽ വീടുകൾക്ക് നാശനഷ്ടം നേരിട്ട 2 ദുരന്തബാധിതർക്ക് ആകെ 82,300/-രൂപ (എൺപത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

3) പ്രസ്തുത ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന തുകയായ ₹82,300/- (എൺപത്തി രണ്ടായിരത്തി മുന്നൂറ് രൂപ മാത്രം ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASHREE T K

**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, പത്തനംതിട്ട

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം (അറിവിലേക്കായി )

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF-A5/77/2023-REV)

ഉത്തരവിൻ പ്രകാരം

Digitally signed by
Maheswari A
Date: 21-07-2026
11:43:59

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂവകുപ്പ്  സ്പെഷ്യൽ സെക്രട്ടറി (IAS) യുടെ  സി.എ.യ്ക്ക്

റവന്യൂവകുപ്പ്  സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്